

# സുറിയാനി ശ്ഹീമോ

# നമസ്ക്കാരത്തിലെ

# പ്രുമിയോൻ സെദ്റാകൾ

Download more such Prayer Books from our Telegram Channel

**MOSC PRAYER BOOKS**

**Channel Link :- https://t.me/moscprayerbooks**

# ORTHODOX CHURCH
# CATHOLICATE OF THE EAST
## DIOCESE OF DELHI

**Job Mar Philoxenos**

**THE DELHI ORTHODOX CENTRE**
2, Institutional Area, Tughlaqabad
New Delhi - 110 062
Phones : 6986417 / 6989203
Fax : 6984975


Kalpana No 86/98

പിതാവിനും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിനു സ്തുതി

നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലേയും പട്ടക്കാരും ശേഷം ജനങ്ങളും കൂടി
കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്

പ്രീയരേ,

മലങ്കര ഓർത്തഡോക്സ് സഭയിലെ നിത്യ നമസ്ക്കാരത്തിന് ഉപയോഗിക്കുവാനുള്ള പ്രുമിയോൻ, സെദറാകൾ ഉൾക്കൊള്ളുന്ന ഒരു ചെറു പുസ്തകമാണിത്. സുറിയാനി മൂലത്തിലുള്ള ഈ ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം ഇപ്പോൾ പല സ്ഥലങ്ങളിലും ലഭ്യമല്ല എന്ന് മനസ്സിലാക്കുന്നു. അതുകൊണ്ട് അതിന്റെ മലയാള പരിഭാഷ നമ്മുടെ ഭദ്രാസനത്തിലെ പള്ളികൾക്കും വൈദീകർക്കും ഉപയോഗിക്കുവാൻ തക്കവണ്ണം പ്രസിദ്ധീകരിക്കുന്നു. ശ്ഹീമോ നമസ്ക്കാരത്തിലെ ഈ പ്രുമിയോൻ സെദറാകൾ ആരാധനയ്ക്ക് കൂടുതൽ പ്രയോജനപ്പെടട്ടെ എന്ന് പ്രത്യാശിക്കുന്നു. ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ചവരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു

ശേഷം പിന്നാലെ

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ,

1998 നവംബർ മാസം 12 ാം തീയതി
ദുബായ് സെന്റ് തോമസ്സ്
ഓർത്തഡോക്സ് പള്ളിയിൽ നിന്നും

കർത്താവിൽ നിങ്ങളുടെ
+Mar Philoxenus
ജോബ് മാർ പീലക്സീനോസ് എപ്പിസ്കോപ്പാ

# സുറിയാനി ശ്ഹീമോ നമസ്ക്കാരത്തിലെ പ്രുമിയോൻ സെദ്റാകൾ

## തിങ്കൾ – സന്ധ്യ

### പൊതു പ്രുമിയോൻ

തന്റെ ജനനിയുടെയും വിശുദ്ധന്മാരുടേയും ഓർമ്മയെ ശ്രേഷ്ഠതപ്പെടുത്തുകയും തന്റെ കൃപയാൽ വിശ്വാസികളായ മരിച്ചുപോയവരെ പുണ്ണ്യമുള്ളവരാക്കുകയും ചെയ്ത കർത്താവിന് സ്തുതി; തനിക്ക് സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹൂൻ യൗമോസോ ... ആമ്മീൻ

### സെദ്റാ

സൈന്യങ്ങളുടെ ഉടയവനും, ആത്മാക്കളുടേയും സർവ്വ ജഢത്തിന്റെയും ദൈവവുമേ, നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ മരണം നിന്റെ കൺകളിൽ വിലയേറിയതാകുന്നു. അവരുടെ ഓർമ്മകളെ കൈക്കൊള്ളുന്നവനായുള്ളോവേ, നിസ്സാരരും പാപികളുമായ ഞങ്ങൾ നിന്റെ തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ പരിമളധൂപം മൂലം ഞങ്ങളുടെ ബലഹീനതയെ നീ ഓർക്കണമെ. ശുദ്ധിമതിയും മഹത്വമുള്ളവളും ഭാഗ്യവതിയുമായ മറിയാമിന്റെ അപേക്ഷയാലും വിശുദ്ധരായ പ്രധാന പിതാക്കന്മാരുടേയും പ്രവാചകന്മാരുടേയും അപ്പോസ്തോലന്മാരുടേയും, പ്രാസംഗികന്മാരുടേയും സുവിശേഷകന്മാരുടേയും, രക്തസാക്ഷികളുടേയും, ഏററുപറച്ചിൽക്കാരുടേയും, രഹസ്യങ്ങളുടെ ഉപദേഷ്ടാക്കന്മാരുടേയും, പുണ്യള്ളവാന്മാരുടേയും, സ്ഥാനാപതിയും സ്നാപകനും മുന്നോട്ടക്കാരനുമായ മാർയൂഹാനോന്റെയും, മഹത്വമുള്ളവനും, ശെമ്മാശന്മാരുടെ തലവനും രക്തസാക്ഷികളുടെ കടിഞ്ഞൂലുമായ മാർ സ്തേഫാനോസിന്റേയും അപേക്ഷയാലും, സത്യവിശ്വാസത്തിനുവേണ്ടി പോരാടി, നിന്റെ അറിവുകൊണ്ട് നിന്റെ വിശുദ്ധസഭയെ പ്രകാശിപ്പിച്ച് വിശ്വാസവിപരീതത്തെ മറിച്ചിട്ടു മായിച്ചുകളഞ്ഞ സകല ശ്രേഷ്ഠന്മാരുടേയും അപേക്ഷയാലും ഞങ്ങളുടെ പ്രാർത്ഥനകൾ നീ കൈക്കൊള്ളണമെ. നിന്റെ കൃപയാൽ വിശ്വാസികളായി മരിച്ചുപോയവരെ നീ ഓർത്തുകൊള്ളണമെ. അവരുടെ ആത്മാക്കളേയും ശരീരങ്ങളേയും നീ ആശ്വസിപ്പിക്കണമേ. അവരെ നിന്റെ തിരഞ്ഞെടുക്കപ്പെട്ടവരുടെ ഗണങ്ങളിൽ ക്രമീകരിക്കണമെ. ഞങ്ങളും അവരും സ്തുതിയും സ്തോത്രവും, ഇപ്പോഴുമെല്ലായ്പോഴും, നിനക്കും ... ഹോശോ. ...

തിങ്കൾ - സന്ധ്യ

അനുതാപത്തിൻെറ പ്രുമിയോൻ

പരാക്രമിയും, ശകതിമാനും താൻമാത്രം നല്ലവനായിരിക്കുന്നവനും, തൻെറ ദാനങ്ങളെ സൗജന്യമായി നൽകുന്നവനുമായ കർത്താവിന്നു സ്തുതി. താൻ വികാരോപരിതനായിരിക്കെ നാം അനുതപിപ്പാൻ നമ്മെ പ്രതി കോപിക്കുന്നു. തനിക്കു സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസാ ...

സെദ്റാ

നന്മകളുടെ സമുദ്രവും കരുണയുടെ ഉറവുമായ ഞങ്ങളുടെ ദൈവമായ കർത്താവെ, അനുതപിക്കുന്നവർക്കു നീ ദയാലുവും സഹായിയുള്ള മാകുന്നു. നിൻെറ അടുക്കലേയ്ക്ക് തിരിയുന്നവരെ നീ സ്നേഹിക്കുന്നു. നിൻെറ കരുണയിൽ സങ്കേതപ്പെടുന്നവർക്കു നീ സമീപസ്ഥനാകുന്നു. ഞങ്ങൾ നേരിൽ നിന്നും പുണ്യത്തിൽ നിന്നും അകന്നിരിക്കുന്നു. ഉഗ്രമായ അനുതാപത്തോടും നെടുവീർപ്പോടും കൂടി നിൻെറ ദീർഘക്ഷമയോട് ഞങ്ങൾ യാചിക്കുന്നു. നിൻെറ മനോഗുണവും കൃപയും ഞങ്ങളെ ഗ്രസിക്കുകയും ഞങ്ങളോടുള്ള നിൻെറ ഭയങ്കര കോപത്തിൻെറ മുമ്പാകെ നിന്നുകൊണ്ട് ഞങ്ങൾക്കെതിരായുള്ള ന്യായതീർപ്പിനെ മായിച്ചുകളയുകയും ചെയ്യുമാറാകണമെ. കാരുണ്യള്ള വാനെ, നിൻെറ തിരുമുഖം ഞങ്ങളിൽ നിന്നു തിരിച്ചുകളയരുതെ. കോപായുധത്തിൻെറ ഭീഷണിയാൽ ഞങ്ങളെ ദണ്ഡിപ്പിക്കരുതെ. നല്ലവനെ നിൻെറ തിരുമുമ്പിൽ നിന്നും ഞങ്ങളെ ദൂരസ്ഥരാക്കരുതെ. ഞങ്ങളെ നിൻെറ കരുണ ലഭിക്കാത്ത വരും ആക്കരുതെ. ദയവാനെ ഞങ്ങളുടെ തിന്മപ്രവർത്തികൾ നിമിത്തം ഞങ്ങളിൽനിന്നും നീ അകന്നുപോകരുതെ. ഞങ്ങളുടെ ദോഷങ്ങൾ എന്നേയ്ക്കും ഞങ്ങളുടെ മേൽ കാത്തുവയ്ക്കരുതെ. തിരുമുമ്പാകെ അനുതപിക്കുന്നവരെ നീ നിരസിക്കരുതെ. ഇപ്പോൾ കർത്താവെ, നീ പ്രസാദിച്ച്, തിരിഞ്ഞു വന്ന്, ഞങ്ങളോട് ദയ തോന്നി കരുണ ചെയ്ത് ഞങ്ങളോട് ക്ഷമിക്കണമേ. അനുതാപത്തിൻെറ ആവേശത്താൽ തിരുമുമ്പാകെ അപേക്ഷിക്കുന്ന നിൻെറ ദാസരെ നീ പുണ്യപ്പെടുത്തണമെ. ഞങ്ങളെ തുടച്ചു വെടിപ്പാക്കി ശുദ്ധീകരിച്ചു കാത്തുകൊള്ളണമെ. ഞങ്ങളെ യഥാർത്ഥ അനുതാപികളാക്കണമെ. ഞങ്ങളെ നിന്റെ പ്രമാണങ്ങൾ അനുസരിക്കുന്ന വരായി പൂർണ്ണരാക്കണമെ. ദുഷ്ടമനുഷ്യരിൽ നിന്നും ഞങ്ങളെ വീണ്ടു കൊള്ളണമെ. തിരഞ്ഞെടുക്കപ്പെട്ടവരുടെ കൂടെ ഞങ്ങളെ എണ്ണു



മാറാകണമെ. ഞങ്ങളേയും സകല വിശ്വാസികളേയും മേലുള്ള തൊഴുത്തിന് നീ യോഗ്യരാക്കണമെ. ഞങ്ങളും അവരും നിനക്കും നിൻെറ പിതാവിന്നും, വിശുദ്ധാത്മാവിന്നും സ്തുതിയും ... ഹോശോ ...

തിങ്കൾ - പ്രഭാതം

പൊതു പ്രുമിയോൻ

ഭാഗ്യകരമായ സ്വഭാവവും സൗഭാഗ്യത്തിൻെറ ഉറവയും തൻെറ ജനനി യുടെ ഓർമ്മ സ്വർഗ്ഗത്തിലും ഭൂമിയിലും ശ്രേഷ്ഠതപെടുത്തിയവനുമായ കർത്താവിനു സ്തുതി.

വി. സഹദേന്മാർ കർത്താവിനായി കാംക്ഷിക്കുകയും തന്നെയുള്ള സ്നേഹത്താൽ ജ്വലിക്കുകയും ചെയ്തു. പുണ്യവാൻമാരുടെ ആത്മാ ക്കൾ തന്നെ വാഴ്ത്തുന്നു. പ്രവാചകൻമാരും ശ്ലീഹൻമാരും നീതിമാ ന്മാരും പിതാക്കൻമാരും ഗുരുക്കന്മാരും എററുപറച്ചിൽക്കാരും തന്നെ മഹത്വപ്പെടുത്തുന്നു. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസോ ...

സെദ്റാ

കന്യാമറിയാമിൽനിന്ന് കാലങ്ങളുടെ അന്ത്യത്തിൽ നിത്യപ്രകാശമായ ദൈവമായ കർത്താവെ നീ സ്വർഗ്ഗസ്ഥരെ പ്രകാശിപ്പിക്കുകയും നിന്നെ ഭൂമിയിൽ മഹത്വപ്പെടുത്തുന്നവരെ മഹത്വീകരിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ആത്മീയ പിതാക്കൻമാരെ നല്ല ഭക്തിയും വെടിപ്പുള്ള സ്നേഹവും കൊണ്ട് ശ്രേഷ്ഠരാക്കി. പ്രവാചകൻമാരെ രഹസ്യങ്ങളുടെ അറിയിപ്പുകളാലും വെളിപാടുകളാലും നീ പ്രകാശിപ്പിച്ചു. അപ്പോ സ്തോലൻമാരെ അത്ഭുത പ്രവർത്തികളാലും, പ്രസംഗശബ്ദങ്ങളാലും നീ ഉന്നതപ്പെടുത്തി. രക്തസാക്ഷികളെ വിജയകിരീടങ്ങളാൽ നീ ശ്രേഷ്ഠരാക്കി. ഗുരുക്കന്മാരെ നീ ജ്ഞാനികളാക്കി. പുണ്യവാന്മാരെ അദ്ധ്വാനസ്നേഹത്താൽ നീ അലങ്കരിച്ചു. അവർ നിനക്ക് മഹത്വത്തി ൻെറ ഫലങ്ങളെ കാഴ്ചയണച്ചു. നീ നിൻെറ വിശുദ്ധന്മാരുടെ ശ്രേഷ്ഠതയാൽ നിൻെറ ഇടവകയെ അറിവും ശ്രേഷ്ഠ നടപടികളും കൊണ്ട് പ്രകാശിപ്പിക്കുകയും ജ്ഞാനമുള്ളതാക്കിതീർക്കയും ചെയ്യ ണമെ.

അവരുടെ അപേക്ഷകളാൽ ഞങ്ങൾ നിന്നോടു യാചിക്കുന്നു. നീ ഞങ്ങളെ അവരുടെ വിശ്വാസത്തിലും ശരണത്തിലും, സ്നേഹത്തിലും, പുണ്യനടപടികളിലും അവരെ അനുകരിക്കുന്നവരാക്കിത്തീർക്കണമെ. ഞങ്ങൾ ഭാഗ്യകരമായ അന്ത്യത്തിലേയ്ക്കും അവർക്കു ലഭിച്ച ഓഹരിയിലേയ്ക്കും എത്തിച്ചേരണമെ. ഞങ്ങളും ഞങ്ങളുടെ വിശ്വാസികളായ മരിച്ചുപോയവരും സ്വർഗ്ഗരാജ്യത്തിനു യോഗ്യരായി ഭവിക്കണമെ. ഞങ്ങൾ സദാ നിനക്കും നിൻെറ പിതാവിനും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ. ... ഹോശാ ...

## തിങ്കൾ - പ്രഭാതം

### അനുതാപത്തിൻെറ പ്രുമിയോൻ

തൻെറ വാതിൽ മുട്ടിവിളിക്കുന്ന പാപികളിൽ പ്രീതിപ്പെടുകയും തൻെറ കരുണയെ അവരിൽ നിന്ന് വിലക്കാതിരിക്കുകയും ചെയ്യുന്ന ഉത്തമ ഇടയനായ കർത്താവിനു സ്തുതി. ഞങ്ങളുടെ ദൈവവും രക്ഷിതാവുമേ, ഞങ്ങൾ നിന്നോട് അക്ഷേിക്കുന്നു. നീ നിൻെറ ദാസരായ ഞങ്ങളെ സൗഖ്യപ്പെടുത്തി ഞങ്ങളുടെ ആത്മാക്കൾക്കു രോഗശാന്തി നൽകണമെ. ഞങ്ങൾ പാപഞെരുക്കത്തിൽ കിടക്കുന്നു. നീ ഞങ്ങളെല്ലാവരുടെയുംമേൽ കരുണചെയ്യണമെ. ഞങ്ങൾ നിനക്ക് ഈ സമയത്തും.... എല്ലാ ... സ്തുതിയും ... ബ്കുലഹുൻ യൗമോസോ ...

### സെദ്റാ

ദൈവമായ കർത്താവേ, ഈ സമയത്ത് തിരുമുമ്പാകെ തലകുനിച്ച് നിന്നോട് കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും യാചിക്കുന്ന നിൻെറ ദാസർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. ദൈവമെ നിൻെറ വാത്സല്യ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുമിശിഹായിൽ ഏററുപറഞ്ഞിട്ടുള്ള സകലരുടെയും പാപങ്ങളെ നീ പരിഹരിച്ച്, മായിച്ച് ക്ഷമിക്കണമെ.

ശക്തിമാനായ ദൈവമായ കർത്താവെ, നിൻെറ കൃപയാൽ അവരെ നീ പുണ്യപ്പെടുത്തുകയും, മാലാഖമാരുടെയും, പ്രധാനമാലാഖമാരുടെയും, മൗത്ബേന്മാരുടെയും, മൊറാവോസേന്മാരുടെയും, സ്രോപ്പേന്മാരുടെയും, മേലുള്ള സകല കൂട്ടങ്ങളുടെയും അനവരത സ്തുതിപ്പുകളോടുകൂടെ അവരുടെ കൂടാരങ്ങളിൽ ഇവരും ആമ്മീൻ എന്നട്ടഹസിക്കുമാറാ



കണമെ. ഞങ്ങളുടെ പാപമോചനശബ്ദം നിൻെറ മാന്യതയുടെ മഹത്വമുള്ള സിംഹാസനത്തിങ്കൽനിന്നും കേൾക്കപ്പെടുമാറാകണമെ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും ... .. ഹോശോ...

## ചൊവ്വാ - സന്ധ്യ

### പൊതു പ്രുമിയോൻ

നിത്യകർത്താവും, സർവ്വത്തിൻേറയും സൃഷ്ടാവുമായ തനിക്കു സ്തുതി. മനുഷ്യനെ നിൻെറ സ്വരൂപത്തിൽ നീ മനഞ്ഞുണ്ടാക്കി. അവൻ പാപം ചെയ്തു വീണപ്പോൾ, അവന് എഴുന്നേൽക്കുവാനും, നീ സകലത്തിലും അധികാരിയും സർവ്വവും പരിശോധിക്കുന്നവനുമാണെന്ന് അറിവാനും അവൻ നിൻെറയടുക്കലേയ്ക്ക് തിരിയുവാനും, അവൻെറ സന്തതി അവനിൽനിന്ന് നഷ്ടപ്പെടാതിരിപ്പാനും തക്ക ഉടമ്പടി നീ നൽകിയല്ലോ. ഇപ്പോൾ ദൈവമേ, നീ ഞങ്ങളുടെ യാചനാ ശബ്ദം കേൾക്കേണമേ. തനിക്ക് ഈ സമയത്തും ...ബ്കുലഹൂൻ യൗമോസാ

### സെദ്റാ

ഉത്തമമൂലികകളേയും സുഗന്ധദ്രവ്യങ്ങളേയും നിൻെറ കല്പനയാൽ അവ അഗ്നിയിൽ ശോധനചെയ്യപ്പെട്ട് ധൂപമായും നിൻെറ ദൈവത്വത്തിന് അണക്കപ്പെടുവാൻവേണ്ടി ഭൂമിയിൽ നിന്ന് സൃഷ്ടിച്ച പരിമളവാസനയായവനെ, നിനക്കു സ്തുതി. എൻെറ കർത്താവെ, നിനക്കവയെക്കൊണ്ടാവശ്യമുണ്ടായിട്ടല്ല, എന്നാലോ ഞങ്ങളുടെ ആവശ്യത്തിനായിട്ടല്ലോ അവ നിർമ്മിക്കപ്പെട്ടത്. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളുടെ ധൂപത്താൽ പരിഹരിക്കപ്പെടുവാൻ വേണ്ടിയാകുന്നു.

എൻെറ നാഥാ, നിൻെറ കരുണയാലും ദയവാലും ഞങ്ങളുടെ സ്തിതുപ്പുകളും പ്രാർത്ഥനകളും നിൻെറ ആശ്വാസത്തിനും ഞങ്ങളുടെ പാപപരിഹാരത്തിനുമായി നീ കൈക്കൊള്ളണമെ. രണ്ടാമത്തെ ആകാശമായിത്തീർന്ന നിന്നെ വഹിച്ച വെടിപ്പും വിശുദ്ധിയുമുള്ള നിൻെറ മാതാവായ കന്യക മർത്തമറിയാമിൻെറ അപേക്ഷകളാലും പ്രവാചകൻമാരുടെയും, അപ്പോസ്തോലൻമാരുടെയും, രക്തസാക്ഷികളുടെയും, ഏററുപറച്ചിൽക്കാരുടെയും, കന്യാവ്രതക്കാരുടെയും, പരിപാകതയുള്ളവരുടെയും, നോമ്പുകാരുടെയും, വിലാപക്കാരുടെയും, സന്യാസികളുടെയും പ്രാർത്ഥനകളാലും, ഞങ്ങളുടെ ധൂപം നിൻെറ ബഹുമാനത്തി

നായി പള്ളികളുടെയും, ദയറാകളുടെയും, പട്ടക്കാരുടെയും, മദ്ബഹാക ളുടെയും പേരിൽ സമർപ്പിക്കപ്പെടുന്നു.

നിന്റെ തിരുശരീരരക്തങ്ങൾ അനുഭവിച്ച് നിന്നെയുള്ള ശരണത്തിൽ നിദ്ര പ്രാപിച്ച വിശ്വാസികളായ മരിച്ചുപോയവർക്കും നല്ല ആശ്വാസവും മഹത്വവുമുള്ള പുനരുത്ഥാനവും നൽകണമേ. ഞങ്ങളും അവരും നിന്റെ വലഭാഗെ നിന്നുകൊണ്ട് നിന്റെ മനോഗുണത്തെ ദർശിക്കയും നിനക്കു സ്തിതുയും സ്തോത്രവും......... ഹോശോ.........

## ചൊവ്വാ - സന്ധ്യ

### അനുതാപത്തിന്റെ പ്രുമിയോൻ

ഉന്നതനും തന്റെ സാരാംശത്തിൽ ശ്രേഷ്ഠനും മേലുള്ള സൈന്യങ്ങളാൽ ആഘോഷിക്കപ്പെടുന്നവനും, ഭൗമീകരാൽ ആരാധിക്കപ്പെട്ട് മഹത്വീകരി ക്കപ്പെടുന്നവനുമായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥന യുടെ ഈ സമയത്തും.......... ബ്കുലഹുൻയൗമോസാ

### സെദ്റാ

ഞങ്ങളുടെ ദൈവമായ കർത്താവെ, ഞങ്ങൾ നിന്നോടു അപേക്ഷിക്കു കയും യാചിക്കുകയും ചെയ്യുന്നു. നീ നിന്റെ ദാസരും ആരാധകരുമായി തിരുമുമ്പാകെ ഒരുമിച്ചുകൂടിയിരിക്കുന്നവരെ അനുഗ്രഹിക്കണമെ. ആത്മീയ ആയുധം അവർ ധരിക്കുകയും, സ്നേഹവും ഉപവിയും അവർ അണിയുകയും, ദുഷ്ടനെയും അവന്റെ ശക്തിയേയും അവർ ജയിക്കുകയും നിന്റെ ആത്മീയ മേശയിൽ അവർ ആനന്ദിക്കുകയും ചെയ്യുമാറാകണമെ.

നാഥാ, അവരുടെ കടങ്ങളെ നീ പരിഹരിക്കുകയും, അവരുടെ കുറവുകളെ ക്ഷമിക്കുകയും, അവരുടെ ദോഷങ്ങളെ നിന്റെ മനോഗുണത്താൽ കടത്തിക്കളകയും ചെയ്യേണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, നിന്റെ വിശുദ്ധാത്മാവിന്നും, ഇപ്പോഴും എല്ലായ്പ്പോഴും സ്തുതിയും പുകഴ്ചയും കരേററുകയും ചെയ്യുമാ റാകണമെ. ഹോശോ..........



## ചൊവ്വാ - പ്രഭാതം

### പൊതു പ്രുമിയോൻ

സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളും, വിശ്വാസികളുടെ പ്രശംസയുമായ തന്നെ പ്രസവിച്ച മാതാവിന്റെയും, പുണ്യവാൻമാരുടെ കൂട്ടത്തി ന്റെയും, പ്രവാചകൻമാരുടെ ഗണത്തിന്റെയും, അപ്പോസ്തോലൻ മാരുടെ സമൂഹത്തിന്റെയും, രക്തസാക്ഷീകളുടെ കൂട്ടത്തിന്റെയും, ഗുരുക്കൻമാരുടെ വൃന്ദത്തിന്റെയും ഓർമ്മയെ ശ്രേഷ്ഠമാക്കുകയും, തന്നെയുള്ള ശരണത്തിൻമേൽ നിദ്രപ്രാപിച്ചു മരിച്ചവർക്ക് ജീവൻ വാഗ്ദത്തം ചെയ്യുകയും ചെയ്ത കർത്താവിനു സ്തുതി. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും സകല ......... ബ്കുലഹുൻ

### സെദ്റാ

നിന്നെ പ്രീതിപ്പെടുത്തുകയും ന്യായപ്രമാണപ്രകാരമുള്ള നിന്റെ ശുശ്രൂഷയുടെ പരികർമ്മികളായിത്തീരുകയും ചെയ്ത വിശുദ്ധ പിതാക്കൻമാരും നിന്റെ മഹത്വമുള്ള വെളിപാടിനെ അറിയിച്ച പ്രവാചകൻമാരും, സൃഷ്ടിയിൽ ജീവപ്രദായകമായ നിന്റെ സുവിശേ ഷത്തെ പ്രസംഗിച്ച് മനുഷ്യരെ നിന്റെ അധികാരത്താൽ സ്നാന പ്പെടുത്തിയ അപ്പോസ്തലൻമാരും, സകലത്തിലും ബഹുമാന്യമായ നിന്റെ ദൈവത്വത്തെ ഏററുപറഞ്ഞ ഏററുപറച്ചിൽക്കാരും, നിന്റെ സത്യത്തെ കാണിച്ചുകൊടുത്തു പഠിപ്പിച്ച സ്തുതി ചൊവ്വാക്കപ്പെട്ട ഗുരുക്കൻമാരും, നിന്റെ വിശുദ്ധവചനങ്ങൾക്കും നിന്റെ ദൈവിക കൽ പനകൾക്കും അനുയോജ്യമായി തങ്ങളുടെ കുരിശുകൾ വഹിച്ച് നിന്നെ അനുഗമിച്ച ഏകാന്തവാസികളും, ആശ്രമവാസികളും, വിശേഷിച്ചും, രണ്ടാമത്തെ സ്വർഗ്ഗമെന്നപരനാമമുള്ള ദൈവമാതാവായ പരിശുദ്ധ കന്യാമറിയാമും, ഞങ്ങളോടുകൂടെയും, ഞങ്ങൾക്കുവേണ്ടിയും നിന്നോട് അപേക്ഷിക്കും. അവളുടെയും നിന്റെ വിശുദ്ധൻമാരുടെയും പ്രാർത്ഥന കളാൽ ഞങ്ങളിൽനിന്നും കോപത്തിന്റെ വടികളെ നീ കടത്തികളയു കയും, ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം ഞങ്ങളെ നിരപ്പിൽ നടത്തു കയും, രോഗികളെ സന്ദർശിക്കുകയും ഞെരുങ്ങിയിരിക്കുന്നവരെ നിന്റെ മനോഗുണത്താൽ ആശ്വസിപ്പിക്കയും ചെയ്യേണമെ.

നിന്നെയുള്ള ശരണത്തിൻമേൽ സത്യവിശ്വാസത്തിൽ നിദ്രപ്രാപിച്ചവർക്ക് ആശ്വാസവും നല്ല ഓർമ്മയും നീ ഉണ്ടാക്കണമെ. ഞങ്ങളേയും അവരേയും നിന്റെ വലഭാഗെയുള്ളനിലയ്ക്ക് യോഗ്യരാക്കുകയും

ഞങ്ങൾ നിനക്ക് സ്തുതിയും സതോത്രവും കരേററുകയും ചെയ്യുമാറാകണമെ. ഹോശോ.........

ചൊവ്വാ - പ്രഭാതം

അനുതാപത്തിൻെറ പ്രുമിയോൻ

സ്വപ്രകാശം അസ്തമിക്കാത്ത പ്രഭാതവും, തൻെറ പ്രഭ അണഞ്ഞുപോകാത്ത സൂര്യനും, തൻെറ ശോഭ ഇരുണ്ടുപോകാത്ത പകലും, നിത്യപിതാവിൻെറ മടിയിൽനിന്നുദിച്ച അദൃശ്യശിശുവുമായ കർത്താവിനു സ്തുതി. തനിക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും ബ്കുലഹൻ യൗമോസോ.........

സെദ്റാ

ദൈവമേ, നീ പ്രശോഭിതനും, വാഴ്ത്തപ്പെട്ടവനും ആകുന്നു. തൃക്കയ്യാൽ പ്രകാശം നിർമ്മിക്കപ്പെട്ടു; അന്ധകാരം അവസാനിച്ചുപോയി. നീ ഞങ്ങൾക്ക് അതിൽ ആനന്ദിപ്പാനായി പ്രഭാതവും, ആകാശത്തെ ഉണ്ടാക്കിയ നിൻെറ ജ്ഞാനത്തിൻെറ യോഗ്യതയെ കാണുവാനുമുള്ള വരവും നൽകിയിരിക്കുന്നു. ഭുമിയെ നീ വെള്ളത്തിൻമേൽ വിതാനിച്ചു. സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും നീ നിർമ്മിച്ചു. ഭുമിയെ എല്ലാവിധ കാമ്യവർഗ്ഗങ്ങളാലും, വിവിധമായ വ്യത്യാസങ്ങളാലും നീ അലങ്കരിച്ചു. എൻെറ കർത്താവെ, പുണ്യത്തിൻെറ സൂര്യാ! ഇവയെക്കുറിച്ചു നിന്നെ ഞങ്ങൾ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

വഴിതെററിൻെറ മൂടൽമഞ്ഞിനെ അവരുടെ ഉപദേശത്താൽ ദുരീകരിച്ച ജീവൻെറ സുവിശേഷത്തെ ഞങ്ങൾക്കു കൊണ്ടുവന്നുതന്ന അപ്പോസ്തോലൻമാരുടെ ആത്മാക്കൾ നിൻെറ സമ്മേളനസ്ഥലത്തിനായി പുളകം കൊള്ളുന്നു. അവരോടുകൂടെ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ നീ ക്ഷമിക്കുവാനായി നിൻെറ ബഹുമാനത്തിനു ഞങ്ങൾ അർപ്പിച്ച ധൂപത്തോടുകൂടി ഞങ്ങളുടെ സ്തുതിപ്പിനേയും സംയോജിപ്പിക്കണമെ. ഞങ്ങളുടെ ആത്മാക്കളെ നിൻെറ സ്നേഹത്താലും നിൻെറ വലിയ ഉദയത്തിൻെറ ശരണത്താലും പ്രകാശിപ്പിക്കണമെ. നിൻെറ കിരണം ഞങ്ങളുടെ പ്രവർത്തനങ്ങളെ നേരെയാക്കി ഞങ്ങളെ ആനന്ദത്തിലേയ്ക്കും നിത്യജീവങ്കലേയ്ക്കും വഴിനടത്തുമാറാകണമെ. അവിടെ ഞങ്ങൾ നിനക്കും



കരുണയുടെ പിതാവായ നിൻെറ ജനകനും സകലത്തേയും പ്രകാശിപ്പിക്കുന്ന നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും......... ഹോശോ.........

ബുധൻ - സന്ധ്യ

പൊതു പ്രുമിയോൻ

തൻെറ ജനനിയായ മാതാവിൻെറ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും ഉന്നതപ്പെടുത്തുകയും തൻെറ വിശുദ്ധൻമാരുടെ പെരുന്നാളിനെ നാനാഭാഗങ്ങളിലും ബഹുമാനിക്കയും വിശ്വാസികളായ മരിച്ചുപോയവരുടെ അസ്ഥികളിൻമേൽ കരുണയുടെ പനിമഞ്ഞിനെ തളിക്കുകയും ചെയ്ത കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും.......... ബ്കുലഹിൻ യൗമോസോ..........

സെദ്റാ

ദൈവമായ കർത്താവെ വിശുദ്ധിയോടുകൂടെ നിന്നെ പ്രസവിച്ച ഊനമില്ലാത്ത വിശുദ്ധ കന്യകമറിയാമിൻെറ കൈക്കൊള്ളപ്പെട്ട പ്രാർത്ഥനകളാൽ ഞങ്ങളുടെമേൽ നീ ദയതോന്നി കരുണചെയ്യണമെന്ന് ഞങ്ങൾ നിന്നോട് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു.

ദൈവമായ കർത്താവെ, ഞങ്ങൾ വീണ്ടും നിന്നോട് അപേക്ഷിക്കുന്നു. നീതിമാൻമാരുടെ അപേക്ഷകളാലും പുണ്യവാൻമാരുടെ യാചനയാലും, പ്രവാചകൻമാരുടെയും അപ്പോസ്തോലൻമാരുടെയും സ്നേഹത്താലും, രക്തസാക്ഷികളുടെ വധത്താലും, പീഡിപ്പിക്കപ്പെട്ടവരുടെ ഞെരുക്കത്താലും, നുറുങ്ങിയിരിക്കുന്നവരുടെ നെടുവീർപ്പുകളാലും, കാരുണ്യവാൻമാരുടെ ദാനധർമ്മങ്ങളാലും, എല്ലാ വിശുദ്ധൻമാരുടെയും വെടിപ്പുള്ള നടപടികളാലും, പാപികളും ലംഘനക്കാരുമായ നിൻെറ ദാസരായ ഞങ്ങളുടെ ധൂപത്തേയും പ്രാർത്ഥനകളെയും ആത്മതപനത്തേയും നീ കൈക്കൊള്ളണമെ.

ഞങ്ങളുടെ വർഗ്ഗത്തോടുള്ള നിൻെറ കരുണയും മനോഗുണവും ഞങ്ങളുടെ അടുക്കലുള്ള നിൻെറ ഉടമ്പടിയും വാഗ്ദത്തവും നീ ഓർത്ത് കോപത്തിൻെറ ശിക്ഷയെ ഞങ്ങളിൽ നിന്നും മായിച്ചുകളയ

ണമെ. വിശ്വാസികളായ മരിച്ചു പോയവരെ നിൻെറ മഹത്വമുള്ള അറകളിൽ ആശ്വസിപ്പിക്കണമെ. നിന്നെ പ്രീതിപ്പെടുത്തിയവരോടുകൂടെ നിൻെറ മനോഗുണത്തേയും, നിൻെറ ആരാധ്യനായ പിതാവിനേയും, നിൻെറ വിശുദ്ധാത്മാവിനെയും സദാ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമെ .......... ഹോശോ .........

ബുധൻ - സന്ധ്യ

ദൈവമാതാവിൻെറ പ്രുമിയോൻ

നിത്യപ്രകാശത്തിൽനിന്നുദിച്ച നിത്യപ്രകാശവും, കന്യാവ്രതമുള്ള മടിയിൽ നിന്നും, മാതൃപരമായ ഉദരത്തിൽ നിന്നും മുളച്ച ജീവൻെറ ശരണവും, തൻെറ ജനനിയുടെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും വലുതാക്കി ആഘോഷിച്ചവനുമായ കർത്താവിനു സ്തുതി. തനിക്കു സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും......... ബ്കുലഹുൻ യൗമോസോ ..........

സെദ്റാ

ഞങ്ങളുടെ ദൈവവും രക്ഷകനുമായ മ്ശിഹായുടെ മാതാവായി സർവ്വ സൗന്ദര്യങ്ങളും നിറഞ്ഞ കന്യകേ, നിൻെറ പുകഴ്ചകളെ വിവരിപ്പാൻ ഏതു നാവുകൾ മതിയാകും? അവൻ തൻെറ രക്ഷണ്യമായ പ്രത്യക്ഷതയാൽ ഞങ്ങളിൽ നിന്നും പാപത്തിൻെറ അന്ധകാരാവസ്ഥയും ക്ഷയകരമായ വഴി തെററും നിരാകരിച്ചു. ആകയാൽ ഞങ്ങൾ നിന്നെ ജീവൻെറ അരുവിയായിട്ടും രക്ഷയുടെ ഉറവായിട്ടും വാഴ്ത്തപ്പെട്ട വയലായിട്ടും സ്വർഗ്ഗത്തിലേയ്ക്കു കരേററുന്ന ഗോവണിയായിട്ടും അറിയുന്നു. ഇത് ഹേതുവായി ഞങ്ങൾ വിസ്മയത്തോടുകൂടെ പറയുന്നു. മാലാഖമാരുടെ ഉടയവൻ തന്നിൽ വസിച്ച മാംസരഥമെ നീ ഭാഗ്യവതിയാകുന്നു. ഉന്നതൻ നിന്നിൽ നിന്നും വെളിപ്പെട്ടു എന്ന ആന്തരീകമുൾപ്പടർപ്പേ, സാക്ഷിപെട്ടകമെ നീ ഭാഗ്യവതിതന്നെ.

ഇപ്പോൾ കൃപനിറഞ്ഞവളെ, നിന്നിൽ നിന്നുദിച്ച നിൻെറ പുത്രനോട് ഞങ്ങളോടൊരുമിച്ചു നീ അപേക്ഷിക്കണമെ. അങ്ങനെ അവൻെറ കൃപയാൽ ഞങ്ങളുടെ പാപങ്ങൾ മായിക്കപ്പെടുകയും ഞങ്ങളുടെ ഭോഷത്വങ്ങൾ ഇല്ലാതാ ക്കപ്പെടുകയും ചെയ്യണമെ.



അവൻ ഞങ്ങളേയും ഞങ്ങളുടെ മരിച്ചപോയവരേയും ഊർശ്ലേമ്യ വാസസ്ഥലങ്ങൾക്കും അബ്രഹാമ്യമടികൾക്കും യോഗ്യരാക്കുമാറാകണമെ. അങ്ങനെ ഞങ്ങളുടെ എല്ലാവരുടെയും വാക്കുകളിൽനിന്നും സ്തുതിയും ബഹുമാനവും തനിക്കും തൻെറ പിതാവിനും, തൻെറ വിശുദ്ധാത്മാവിനും ഇപ്പോഴും എല്ലായ്പ്പോഴും കരേററുമാറാകണമേ .........ഹോശോ..........

ബുധൻ - പ്രഭാതം

പൊതുപ്രുമിയോൻ

തൻെറ ജനനിയെ ഉന്നതപ്പെടുത്തുകയും, തൻെറ സ്നേഹിതന്മാരെ ബഹുമാനിക്കുകയും അവരുടെ ഓർമ്മകളെ നാനാഭാഗങ്ങളിലും വലിമപ്പെടുത്തുകയും തന്നെയുള്ള ശരണത്തിൻമേൽ നിദ്രപ്രാപിച്ചു മരിച്ചുപോയവരെ പുണ്യപ്പെടുത്തുകയും ചെയ്ത കർത്താവിനു സ്തുതി. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും ബ്കുലഹുൻ യൗമോസോ .....

സെദ്റാ

ഞങ്ങളുടെ ദൈവമായ മ്ശിഹാ ഞങ്ങൾ നിന്നോടു അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. ശുദ്ധിമതിയായ നിൻെറ മാതാവുമൂലം നീ ഞങ്ങളോടു ദയ ചെയ്യണമെ. അപ്പോസ്തോലൻമാരെയെന്നപോലെ ഞങ്ങളെ നീ സന്തോഷം അണിയിക്കണമെ. നിൻെറ സമാധാനം ഞങ്ങൾക്കു സദാസമ്പാദ്യമായിത്തരണമെ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ മനുഷ്യരുടെയും ഈറേൻമാരുടെയും ഉടയവനായ സ്വർഗ്ഗീയമണവാളാ, ആ കള്ളനെപ്പോലെ ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും, സ്വർരാജ്യത്തിനവകാശികളാക്കണമെ. തൻമൂലം നിൻെറ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ ഞങ്ങൾ സദാ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററും. ... ഹോശോ ...

## ബുധൻ - പ്രഭാതം

### ദൈവമാതാവിന്റെ പ്രുമിയോൻ

തന്റെ ജനനിയുടെ ഓർമ്മ എല്ലാ ദിക്കുകളിലും ഭാഗങ്ങളിലും വലുതാക്കുകയും, തന്റെ ദാസിയെ എല്ലാജാതികളിലും വംശങ്ങളിലും വച്ച് ശ്രേഷ്ഠയാക്കുകയും ചെയ്ത കർത്താവിനു സ്തുതി. തനിക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കലഹുൻ യൗമോസോ

### സെദ്റാ

ജീവന്റെ മാതാവും സന്തോഷങ്ങളുടെ ഉറവയുമായ മാതാവെ ഞങ്ങൾ ഞങ്ങളുടെ ആത്മശരീരങ്ങളുടെ രക്ഷയ്ക്കുവേണ്ടിയും വിശ്വാസികളായ ഞങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടിയും മ്ശിഹായിലുള്ള വി. സഭയുടെ നിരപ്പിനും, സമാധാനത്തിനും, നിലനിൽപിനും വേണ്ടിയും നിന്നോടു യാചിക്കുന്നു. ഞങ്ങൾ നിന്റെ മഹത്വമുള്ള പെരുന്നാളിനെ ആത്മീകപ്രകാരം പൂർത്തീകരിച്ച് ആ വലിയ പെരുന്നാളിന് മുഖപ്രസാദത്തോടെ എത്തിച്ചേരുവാൻ നിന്റെ അംഗീകാരപ്രാർത്ഥനകളാലും, നിന്റെ മടിയിൽനിന്നുദിച്ച നിന്റെ ഏകജാതന്റെ കൃപയാലും യോഗ്യൻമാരായിത്തീർക്കണമെ. ഞങ്ങളുടെ എല്ലാ പ്രമാണവിരുദ്ധതകളും, അവന്റെ മനോഗുണത്താൽ അവൻ മായിച്ചുകളയുകയും ക്ഷമിക്കുകയും ചെയ്യേണമെ. ഞങ്ങളുടെ ഭോഷത്വങ്ങൾ അവൻ നീക്കിക്കളയണമെ. തന്നെയുള്ള ശരണത്തിൻമേൽ നിദ്രപ്രാപിച്ച വിശ്വാസികളായ മരിച്ചുപോയവർക്ക് അവൻ പാപപരിഹാരം നൽകുന്നവനും, പുനരുദ്ധാനം നൽകുന്നവനും ആയിരിക്കണമെ. ഞങ്ങളും അവരും തനിക്കും തന്റെ പിതാവിനും വിശുദ്ധാത്മമാവിന്നും സദാ സ്തുതിയും സ്തോത്രവും കരേററുമാറാകണമെ. ഹോശോ ...

## വ്യാഴം - സന്ധ്യ

### പൊതു പ്രുമിയോൻ

തന്റെ മനുഷ്യസ്നേഹത്താൽ ഞങ്ങളുടെ അടുക്കലേയ്ക്ക് ഇറങ്ങിവന്ന് തന്റെ ദാസനായ ആദാമിനും തന്റെ കൽപനയെ ലംഘിക്കുന്ന അവന്റെ സന്താനങ്ങൾക്കും വേണ്ടി ജഡത്തിൽ മരണമാസ്വദിക്കുകയും ചെയ്ത ഉത്തമഉടയവനായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസോ



### സെദ്റാ

ദൈവമായ കർത്താവെ, നിന്റെ മാലാഖമാരുടെ കൂട്ടങ്ങളുടെയും, നിരകളുടെയും അപേക്ഷകളാലും നിന്റെ മാതാവായ വിശുദ്ധകന്യാമറിയാമിന്റേയും പ്രവാചകൻമാരുടേയും അപ്പോസ്തോലൻമാരുടേയും, രക്തസാക്ഷീകളുടെയും, ഏററുപറച്ചിൽക്കാരുടേയും അപേക്ഷകളോടു കൂടെയും ഞങ്ങൾ നിന്നോടു അപേക്ഷിക്കുകയും അഭ്യർത്ഥിക്കുകയു, ചെയ്യുന്നു. ഞങ്ങളുടെ കർത്താവേ, നീ ഞങ്ങളോടു രമ്യപ്പെടണമെ. അവരുടെ ശരണത്തിൽ ഞങ്ങളെ നീ ഉറപ്പിക്കണമെ. അവരുടെ സൗന്ദര്യത്താൽ ഞങ്ങളെ നീ അലങ്കരിക്കുകയും അവരുടെ സ്നേഹത്താൽ ഞങ്ങളെ അരകെട്ടിക്കുകയും അവരുടെ നടപടികളാൽ ഞങ്ങളെ ഐശ്വര്യപ്പെടുത്തുകയും ചെയ്യേണമെ. അവരുടെ പിന്നടികളിൽക്കൂടി നടക്കുവാൻ ഞങ്ങളെ നീ ശക്തിപ്പെടുത്തണമെ. അവരുടെ പോരാട്ടത്തിൽ അവരോടു സാമ്യപ്പെടുവാൻ ഞങ്ങളെ നീ സഹായിക്കണമെ. അവരെപ്പോലെ നിന്നെ പ്രീതിപ്പെടുത്തുവാൻ ഞങ്ങൾക്ക് നീ വരം നൽകണമെ. അവരോടുകൂടി ആനന്ദിപ്പാൻ ഞങ്ങളെ നീ തയ്യാറാക്കണമെ. അവരുടെ[illegible]യിൽ നിന്നുകൊണ്ട് നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ നീ ഒരുക്കണമെ. അവരോടുകൂടെ ഞങ്ങൾ നിന്നിൽ സന്തോഷിപ്പാനും നിന്നെ സ്തുതിപ്പാനും നിന്റെ ശ്രേഷ്ഠതയെ നമസ്ക്കരിപ്പാനും ഇടയാകണമെ. ഞങ്ങൾ സദാ നിനക്കും, വാഴ്ത്തപ്പെട്ടവനായ നിന്റെ പിതാവിനും, വിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ. ഹോശോ ...

## വ്യാഴം - പ്രഭാതം

### പൊതു പ്രുമിയോൻ

വിശുദ്ധരിൽ വസിക്കുന്ന വിശുദ്ധനും തന്റെ സാരാംശത്തിൽ അദൃശ്യനും തന്റെ സ്വഭാവത്തിൽ ഉത്തമനും, തന്റെ ശക്തിയിൽ പൂർണ്ണനും, തന്റെ പരാക്രമത്തിൽ അധികാരിയും, സാരാംശത്തിൽ തന്റെ പിതാവിനോടു ശരിയായിരിക്കുന്നവനും, തന്റെ ജനനിയെ ഉന്നതപ്പെടുത്തിയ ബലവാനും, തന്നെ സ്നേഹിച്ച വിശുദ്ധൻമാരെ ശ്രേഷ്ഠതപ്പെടുത്തിയവനുമായ കർത്താവിനു സ്തുതി. തനിക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും സകല ... ബ്കുലഹുൻ യൗള്ളേമാസോ

സെദ്റാ

കർത്താവേ നിൻെറ ജനനിയുടേയും വിശുദ്ധൻമാരുടെയും പ്രാർത്ഥന കളാൽ പാപികളായ ഞങ്ങൾക്കു നീ പാപപരിഹാരം നൽകുന്നവനായി രിക്കണമെ. ശരീരാത്മാക്കളുടെ സർവ്വകറയിൽ നിന്നും ഞങ്ങളെ നീ തുടയ്ക്കണമെ. നിന്നെയുള്ള ഭക്തിയിൽ വെടിപ്പോടും വിശുദ്ധയോടും കൂടെ ഉന്നതമായ നിൻെറ ദൈവത്വത്തിന് പ്രീതികരമായി എല്ലാം ഞങ്ങൾ പൂർത്തിയാക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെ. ഞങ്ങൾ വിജയത്തിൻെറ കീർത്തനങ്ങളെ നിനക്ക് അവരോടുകൂടി കീർത്തി ക്കുവാൻ നിൻെറ വിശുദ്ധൻമാരുടെ ഓഹരിയിൽ ഞങ്ങളെ ക്രമീകരിക്കുകയും പ്രതിഫലദാനദിവസത്തിൽ കുഞ്ഞാടുകളെ വലത്തും മുട്ടാടുകളെ ഇടത്തും നീ നിർത്തുമ്പോൾ പുണ്യത്തിൻെറ കിരീട ങ്ങളാൽ ഞങ്ങൾ ചൂടിക്കപ്പെടുകയും ചെയ്യുമാറാകണമെ.

ഞങ്ങളുടെ മാതാപിതാക്കളും, സഹോദരങ്ങളും, പ്രധാനൻമാരും, മരിച്ചു പോയ സകല വിശ്വാസികളുമായവർക്ക് നീ നല്ല ഓർമ്മയെ ചെയ്യുമാ റാകണമെ. ഞങ്ങളും അവരും നിൻെറ വലഭാഗെ നിന്നുകൊണ്ട് നിൻെറ മനോഗുണത്തെ കാണുകയും നിനക്കും വാഴ്ത്തപ്പെട്ട നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സദാ കരേററും. ഹോശോ ...

വ്യാഴം പ്രഭാതം

വിശുദ്ധൻമാരുടെ പ്രുമിയോൻ

ഏകമായി ഏററുപറയപ്പെടുകയും മൂന്നായി ആരാധിക്കപ്പെട്ട് മഹത്വീ കരിക്കപ്പെടുകയും, താൻ വിശുദ്ധ മൂന്നു വ്യക്തികൾ ആയിരിക്കെ, സാരാംശത്തിൽ ശരിയായും, സ്വഭാവത്തിൽ യോജിച്ചും ഏകദൈവത്വ മായിരിക്കുന്ന കർത്താവിന്നു സ്തുതി. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും ബ്കുലഹുൻ ...

സെദ്റാ

വിശ്വസ്ത ഭവനവിചാരിപ്പുകാരും സ്വർഗ്ഗീയരുടെ സ്ഥലത്ത് അധികാരികളും, പ്രിയ ഭരണകർത്താക്കളും, ദൈവികസുവിശേഷകരും, ഭാഗ്യവാൻമാരായ ഇടയൻമാരും, സമർത്ഥരായ വൈദ്യൻമാരും, ഇളക്കാനാവാത്ത അടിസ്ഥാനങ്ങളും, ആത്മാവിൻെറ അറകളും,



പിതാവിൻെറ സ്നേഹിതരും, പുത്രൻെറ പ്രിയരും, വിശുദ്ധാത്മാവിൻെറ ഭവനക്കാരുമായവരെ, നിങ്ങൾ നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങൾക്കു വിശ്വാസത്തിൻെറ ജ്ഞാനവും, തിരിച്ചറിവു, പുണ്യനടപടി യുടെ ബോധവും നല്ല നിരൂപണയും നല്കപ്പെടുവാൻ വി: ത്രിത്വ ത്തോട് അപേക്ഷിപ്പിൻ.

നിങ്ങൾ ഞങ്ങളെ അഭ്യസിപ്പിച്ചിട്ടുള്ള സ്വർഗ്ഗീയ മാർഗ്ഗത്തിൽക്കൂടി ഞങ്ങൾ പ്രയാണം ചെയ്വാനും നിങ്ങൾക്കു ലഭിച്ച ഓഹരിക്കു ഞങ്ങൾ യോഗ്യരായി ത്തീരുവാനും ഇടയാകണമെ.

ഞങ്ങളൊരുമിച്ച് പിതാവിനും പുത്രനും, വിശുദ്ധാത്മാവിന്നും സദാ ... ഹോശോ

വെള്ളി - സന്ധ്യ

പൊതുപ്രുമിയോൻ

തൻെറ മാതാവിൻെറയും തൻെറ പരിശുദ്ധൻമാരുടെയും ഓർമ്മയെ വലുതാക്കിയവനും, തന്നോടപേക്ഷിക്കുന്ന ജീവനുള്ളവരെ ദുഷ്ടനിൽ നിന്നു രക്ഷിക്കുകയും വീണ്ടെടുക്കുകയും തൻെറ സ്ലീബായാൽ കാത്തുരക്ഷിക്കുകയും നിദ്ര പ്രാപിച്ച് തൻെറ പ്രത്യക്ഷതയെ നോക്കിപ്പാർക്കുന്ന മരിച്ചവരെ ജീവിപ്പിക്കുകയും ചെയ്യുന്ന ഉത്തമനുമായ കർത്താവിനു സതുതി. തനിയ്ക്ക് സന്ധ്യാ പ്രാർത്ഥന യുടെ ഈ സമയത്തും സകല ... ബ്കുലഹുൻ യൗമോസോ

സെദ്റാ

ദൈവമായ മ്ശിഹാ, ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. നിൻെറ മാതാവിൻെറയും നിൻെറ വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളുടെ വിചാരങ്ങളെ നിൻെറ സ്വർഗ്ഗീയ ആത്യുന്നതത്തിലേക്കാ കർഷിക്കേണമെ. നിന്നിൽ നിന്നുള്ള സന്തോഷം ഞങ്ങളെ അണിയിക്ക ണമെ. ഞങ്ങളിൽനിന്നു മ്ലാനതയും വ്യാകുലതയും നീക്കിക്കളയണമെ. നിന്നെയുള്ള ഭക്തിയാൽ ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമെ. നിൻെറ വിശുദ്ധിയാൽ ഞങ്ങളുടെ വിചാരങ്ങളെ വെടിപ്പാക്കണമെ. നിൻെറ വിശുദ്ധികളിൽ നിന്ന് ഞങ്ങളെ അന്യരാക്കരുതെ. എന്നാലോ പുണ്യനടപടികളാൽ ഞങ്ങളെ പൂർണ്ണരാക്കേണമെ. ഞങ്ങളുടെ വിശ്വാസികളായ മരിച്ചു പോയവരെ, നിൻെറ കൃപയാൽ ഒരുക്കപ്പെട്ടി

രിക്കുന്ന വാസസ്ഥലത്ത് വസിപ്പിക്കണമെ. നരകത്തിന്റെ പിടിയിൽ നിന്ന് ഞങ്ങളെ വീണ്ടു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ നീ വിശുദ്ധനും, വിശുദ്ധരിൽ വസിക്കുന്നവനുമാകുന്നു. ഞങ്ങൾ നിനക്ക് സ്തുതിയും സ്തോത്രവും കരേററുന്നു. ... ഹോശോ

വെള്ളി - സന്ധ്യ

രക്തസാക്ഷികളുടെ പ്രുമിയോൻ.

തന്റെ ശ്രേഷ്ഠന്മാരെ ശക്തിപ്പെടുത്തുന്നവനും തന്റെ പോരാട്ടക്കാരെ കിരീടം ധരിപ്പിക്കുന്നവനും തന്റെ യോദ്ധാക്കളെ പരാക്രമികൾ ആക്കുന്നവനും, അവരുടെ മരണത്തിന്റെ വാസന തനിക്കിഷ്ടമായി രിക്കുന്നവനും, അവരുടെ ഓർമ്മകളിൽ മോദിക്കുന്നവനുമായ ഉത്തമനായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാപ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസോ..

സെദ്റാ

കർത്താവേ, ഞങ്ങൾ നിന്റെ കരുണയോട് യാചിക്കുന്നു. നിന്റെ വിശുദ്ധ രക്തസാക്ഷികളുടെ പ്രാർത്ഥനകളാലും അപേക്ഷകളാലും നിന്റെ ദൈവത്വത്തിന്റെ പ്രസാദത്തിനും, വാഴ്ത്തപ്പെട്ട നിന്റെ മാതാവിന്റെയും, നിന്റെ സകല വിശുദ്ധന്മാരുടെയും ബഹുമാനത്തിനും ഞങ്ങൾ അണയ്ക്കുന്ന പരിമളധൂപം ഞങ്ങളിൽ നിന്ന് കൈക്കൊള്ളപ്പെടേണമെ.

അവരുടെ വധങ്ങൾ നിന്റെ കർതൃത്വത്തെ നിരപ്പാക്കുന്ന ബലികൾ ആയി തീർന്നതുപോലെ അവരുടെ അസ്ഥികൾ നിന്റെ ഇടവകയെ മറച്ചുകൊള്ളുന്ന കോട്ടകളായി തീരണമെ. അവരുടെ രക്തം നിന്റെ ശ്രേഷ്ഠതയ്ക്ക് പരിമളധൂപമായി തീർന്നപ്രകാരം അവരുടെ ഓർമ്മ നിന്റെ ജനത്തിന് ഉറപ്പുള്ള കോട്ടയായിരിക്കണമെ. വാഴ്ത്തപ്പെട്ട പാരമ്പര്യങ്ങളോടും സന്തോഷങ്ങളുടെ കാലങ്ങളോടുംകൂടെ അവരുടെ പെരുന്നാളുകൾ നിന്റെ വിശുദ്ധ സഭയിൽ തുടരുമാറാകണമെ.

എന്റെ കർത്താവേ, നിന്റെ കൃപാകാരുണ്യത്താൽ കടന്നുപോകാത്തതും അഴിഞ്ഞുപോകാത്തതുമായ മണവറയിൽ അവർക്കു ലഭിച്ച പങ്കിന് ഞങ്ങളെയും യോഗ്യരാക്കണമെ. സ്വർഗ്ഗത്തിൽ നിന്നുള്ള



നിന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ ദിവസത്തിൽ അവരോടൊരുമിച്ച് പൂർണ്ണ ധൈര്യത്തോടെ നിന്റെ എതിരേല്പിന് ഞങ്ങൾ പുറപ്പെടുമാറാകണമെ.

ഞങ്ങളൊരുമിച്ച് നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധാത്മാവിന്നും ഇപ്പോഴുമെല്ലായ്പ്പോഴും സദാ സ്തുതി കരേററുമാറാകണമെ .. ഹോശോ.

വെള്ളി - പ്രഭാതം

പൊതുപ്രുമിയോൻ

നാനാ ഭാഗങ്ങളിലും തന്റെ ജനനിയെ ഉന്നതപ്പെടുത്തുന്നവനും തന്റെ വിശുദ്ധന്മാരെ വലിയവരാക്കുന്നവനും തന്റെ പോരാട്ടക്കാരെ ശ്രേഷ്ഠരാക്കുന്നവനുമായ കർത്താവിനു സ്തുതി. തനിക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസോ

സെദ്റാ

വിശുദ്ധരിൽ മഹത്വപ്പെടുന്ന പരിശുദ്ധനായ ദൈവമായ കർത്താവേ, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു. വിശുദ്ധിയും മഹത്വവുമുള്ളവളും ഭാഗ്യവതിയുമായ നിന്റെ ജനനിയായ മറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ ഞങ്ങളുടെ യാത്മാക്കളെ നീ ശുദ്ധീകരിക്കുകയും ഞങ്ങളുടെ നിരൂപണങ്ങളെ നാശകരമായ പതർച്ചയിൽ നിന്ന് കൂട്ടിചേർക്കുകയും ചെയ്യേണമെ. നിന്റെ സഭയിൽ ഞങ്ങൾ വിശുദ്ധിയിലും നിന്നോടുകൂടെയുമായി രിക്കേണമെ. ശോഭയോടുകൂടെ നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുകയും, സ്രോപ്പേന്മാരുടെ കൂട്ടങ്ങളോടൊത്ത് നീ വിശുദ്ധനെന്ന് പാടുകയും ചെയ്യുമാറാകണമെ. എന്റെ നാഥാ ഞങ്ങളുടെ പ്രാർത്ഥനകൾക്കു കരുണയുടെ വാതിൽ തുറക്കണമെ. ലംഘനക്കാരായ ഞങ്ങളുടെ വർഗ്ഗത്തിന്റെമേൽ നിന്റെ കാരുണ്യത്തെ നീ ചിന്തുമാറാകണമെ. നിന്റെ തിരുശരീരരക്തങ്ങൾ അനുഭവിപ്പാൻ നിന്റെ കൃപയാൽ ഞങ്ങളെ യോഗ്യരാക്കിയ പ്രകാരം, നിന്റെ കരുണയാൽ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനും ഞങ്ങളെ യോഗ്യന്മാരാക്കേണമെ.

എൻെറ കർത്താവെ, നിൻെറ വിശുദ്ധ സഭയുടെ മക്കളായ ഞങ്ങളുടെ മരിച്ചു പോയവർക്കു നീ നല്ല ഓർമ്മയുണ്ടാക്കണമെ. ഞങ്ങളും അവരും നിൻെറ വലഭാഗെനിന്ന് നിന്റെ മനോഗുണത്തെ കാണുകയും, നിനക്കും നിൻെറ പിതാവിനും, നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകണമെ. ... ഹോശോ

വെള്ളി - പ്രഭാതം

സ്ലീബായുടെ പ്രുമിയോൻ

തൻെറ ക്രൂശിനെ തൻെറ ഇടവകയ്ക്ക് ഉറപ്പുള്ള കോട്ടയാക്കിത്തീർത്ത് അതിനെ തൻെറ അവകാശത്തിന് രക്ഷയുടെ പരിചയാക്കി നൽകിയ രക്ഷകന് സ്തുതി. തനിക്ക് പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്തും. ... ബ്കുലഹൂൻ യൗമോസോ

സെദ്റാ

ഞങ്ങളുടെ ദൈവമായ മ്ശിഹാ, ഞങ്ങൾ നിന്നെ നമസ്ക്കരിക്കയും നിൻെറ സ്ലീബായിൽ സങ്കേതപ്പെടുകയും ചെയ്യുന്നു. നിന്നിൽ ഞങ്ങളുടെ അധരങ്ങളുടെ യാഗവും ഞങ്ങളുടെ നിരൂപണങ്ങളുടെ പരിമളധൂപവും പൂർത്തീകരിക്കപ്പെടുമാറാകണമെ. നിൻെറ കുരിശിനാൽ ഞങ്ങൾക്ക് സമാധാനം വരികയും ഞങ്ങൾക്ക് സന്തോഷം നൽകപ്പെടുകയും ചെയ്യുമാറാകണമെ. നിൻെറ ക്രൂശാൽ സഭ ഉയരുകയും അതിൻെറ മക്കൾ അതിനാൽ കാക്കപ്പെടുകയും ചെയ്യുമാറാകണമെ. നിൻെറ സ്ലീബായാൽ ഞങ്ങളുടെ ശരീരങ്ങൾ വിശുദ്ധീകരിക്കപ്പെട്ട് ഞങ്ങളുടെ ആത്മാക്കൾ പ്രശോഭിക്കണമെ. നിൻെറ ക്രൂശാൽ ഞങ്ങളുടെ പാപങ്ങൾ മാഞ്ഞുപോകണമെ. അതിനാൽ ഞങ്ങളുടെ പുണ്യം വർദ്ധിക്കണമെ. നിൻെറ സ്ലീബായാൽ കുരളക്കാരൻ (ആകൽകർസാ) മറിച്ചിടപ്പെടുകയും സത്യവാന്മാർ പൂർണ്ണരാകയും ചെയ്യേണമെ. നിൻെറ ക്രൂശാൽ ജീവനൊടിരിക്കുന്നവർ ആയുധം ധരിപ്പിക്കപ്പെടണമെ. അതിനാൽ മരിച്ചുപോയവർ പുനരുദ്ധരിക്കപ്പെടണമെ. അവസാനദിവസം അതിൻെറ ചിറകുകളാൽ ഞങ്ങൾ മറച്ചുകൊള്ളപ്പെടണമെ. നിന്നോടുകൂടെ ജീവൻെറ സ്ഥലത്തേയ്ക്ക് ഞങ്ങൾ യാത്ര ചെയ്യുവാൻ സംഗതിയാകണമെ.

ഞങ്ങൾ ഇപ്പോഴുമെല്ലായ്പ്പോഴും, സദാ, നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിനും സ്തുതിയും സ്തോത്രവും കരേററും. ഹോശോ ...



ശനി-സന്ധ്യ

പൊതുപ്രുമിയോൻ

ശോഭയുള്ളതും അവർണ്ണനീയവുമായപ്രകാശവും, പാപികളെ തൻെറയടുക്കലേയ്ക്ക് വിളിക്കുന്ന വലിയ കിരണവും, അവർക്കു വിശുദ്ധൻമാരോടുകൂടി സ്വർഗ്ഗരാജ്യം വാഗ്ദത്തം ചെയ്യവനുമായ കർത്താവിനു സ്തുതി. നിനക്കു സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യൗമോസോ

സെദ്റാ

അദൃശ്യപിതാവിൻെറ മടിയിൽനിന്ന് ജനിച്ച്, ദാവീദിന്റെ പുത്രിയിൽ നിന്ന് ശരീരമെടുത്ത്, കഷ്ടതയനുഭവിച്ച് ദുഷ്ടനാൽ അടിമയാക്കപ്പെട്ട തൻെറ ആട്ടിൻപററത്തിനുവേണ്ടി മരിച്ച് തൻെറ നിത്യസ്നേഹത്താൽ അടിമത്വത്തിൽനിന്ന് അതിനെ വീണ്ടെടുത്ത ആത്മമയനായ കുഞ്ഞാടായ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു.

കണ്ടാലും അതിൻെറ മക്കളുടെ ഗണങ്ങളിൽ - നാനാഭാഗങ്ങളിലും അതു നിനക്കു മഹത്വം പാടുന്നു. എൻെറ കർത്താവെ പ്രവാചകൻമാരുടെ എണ്ണത്തിൽ പാപികളായ ഞങ്ങളെ എണ്ണിക്കൊള്ളുകയും അപ്പോസ്തോലൻമാരുടെയും രക്തസാക്ഷികളുടെയും കൂടെ ഞങ്ങളെ കലർത്തിക്കൊള്ളുകയും ചെയ്യണമെ. പാപപ്രതികാരത്തിൽനിന്നും പീഢിപ്പിക്കുന്ന ശത്രുവിൽനിന്നും ലോകമുഴുകലിൽനിന്നും കൊഴുത്തതായ അസൂയയിൽനിന്നും ഞങ്ങളെ മറയ്ക്കണമെ. ദുഷ്ടനേയും അവൻെറ സൈന്യത്തേയും ഞങ്ങൾ ജയിക്കേണമെ. തിരുമുമ്പാകെ ഞങ്ങളുടെ ധൂപം കൈക്കൊള്ളപ്പെടണമെ. നിൻെറ ശ്രീഭണ്ഡാരത്തിൽ നിന്ന് ഞങ്ങളുടെ അപേക്ഷകൾക്ക് ഉത്തരം ലഭിക്കേണമെ. രോഗികൾക്കു സൗഖ്യവും ദുഃഖിച്ചിരിക്കുന്നവർക്കു ധൈര്യവും ഞെരുങ്ങിയിരിക്കുന്നവർക്കും ആശ്വാസവും അടിമകൾക്കു മോചനവും ജീവിച്ചിരിക്കുന്നവർക്കു കാവലും നീ അയക്കണമെ.

നിൻെറ നിരപ്പും സമാധാനവും സ്നേഹവും ലോകത്തിൻെറ നാനാഭാഗങ്ങളിലും വാഴുമാറാകേണമെ. വിശ്വാസികളായ പരേതരെ നീ ആശ്വസിപ്പിക്കണമെ.

ഞങ്ങളിപ്പോഴും എല്ലായ്പ്പോഴും സദാനേരവും നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധാത്മാവിന്നും സ്തുതിയും സ്തോത്രവും കരേററും ... ഹോശോ

## ശനി - സന്ധ്യ

### മരിച്ചവരുടെ പ്രുമിയോൻ

തൻെറ ശബ്ദത്താൽ മരിച്ചവരെ തങ്ങളുടെ കബറിടങ്ങളിൽനിന്നും എഴുന്നേല്പിക്കുന്നവനും, ഓരോരുവനും അവനവൻെറ പ്രവർത്തി കൾക്കു തക്കവണ്ണം പ്രതിഫലം നൽകുന്നവനുമായ കർത്താവിനു സ്തുതി. തനിക്ക് സന്ധ്യാ പ്രാർത്ഥനയുടെ ഈ സമയത്തും ... ബ്കുലഹുൻ യാമോസോ.

### സെദ്റാ

എല്ലാവരോടും ദയചെയ്യുന്ന കാരുണ്യവാനായ കർത്താവേ, ന്യായതീർപ്പിന്റെ നാഴികയിൽ, നിൻെറ ദാസൻമാരും ആരാധകരുമായി താല്കാലിക ജിവിതത്തിൽ നിന്ന് വിശ്വാസത്തോടുകൂടെ നിന്നിൽ നിദ്ര പ്രാപിച്ചവരുടെ മേൽ നീ കനിയണമെ. ഭയങ്കര ചുഴലികളിൽനിന്നും അന്ധകാരമയമായ സ്ഥലങ്ങളിൽനിന്നും അവരെ നീ കരേററണമെ. നിൻെറ വിശുദ്ധദൂതന്മാർ മുഖാന്തരം സ്വർഗ്ഗീയ ആനന്ദങ്ങളിലേക്ക് അവർ വഴിനടത്തപ്പെടുമാറാകണമെ. സന്തോഷസമേതം അവരെ കൈക്കൊള്ളണമെ. നിരപ്പിൻെറ തുറമുഖത്തേയ്ക്ക് അവരെ കൊണ്ടുപോകേണമെ. നിൻെറ വലഭാഗെ അവരെ നിർത്തേണമെ. നന്മകളുടെ അറകൾക്കവരെ നീ യോഗ്യരാക്കണമെ. ജീവപ്രദായകമായ നിൻെറ കല്പനകളിൽ സന്തോഷിപ്പാൽ ഞങ്ങൾക്കും അവർക്കും നീ വരം നൽകണമെ. അതിനാൽ നിൻെറ മണവറയിൽ നിൻെറ വിശുദ്ധൻമാരോടുകൂടെ ഞങ്ങൾ കലർത്തപ്പെടുമാറാകേണമെ.

ഞങ്ങളെല്ലാവരും അവരോടൊരുമിച്ച് നിനക്കും, നിൻെറ പിതാവിനും, നിൻെറ വിശുദ്ധാത്മാവിനും, ഇപ്പോഴം എല്ലായ്പ്പോഴും, സദാ സ്തുതിയും സ്തോത്രവും കരേററും ... ഹോശോ ...



## ശനി - പ്രഭാതം

### പൊതു പ്രുമിയോൻ

അദൃശ്യവും ഉന്നതവുമായ സ്വഭാവവും, പ്രകാശമുള്ള ഭാഗ്യകരമായ സൗന്ദര്യ വുമായ നിനക്കു സ്തുതി. നീ സാരാംശസംപൂർണ്ണനായ പിതാവിൽ നിന്ന് അഗ്രാഹ്യമാംവിധം ജനിച്ച ശേഷം, വിശുദ്ധ കന്യകയിൽ നിന്ന് മനുഷ്യപ്രകാരം ജനിച്ചു.

നീ പ്രവാചകന്മാരേയും, അപ്പോസ്തോലന്മാരേയും, നിന്നെയുള്ള സ്നേഹത്തിൽ മരിച്ച രക്തസാക്ഷികളേയും മുടി ചൂടിച്ചു. നീ ഉപദേഷ്ടാക്കന്മാരെ ജ്ഞാനികളാക്കി. നീ ഏററുപറച്ചിൽകാരെ നിന്റെ ശക്തി ധരിപ്പിച്ചു. നിനക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും .... ബ്കുലഹുൻ യൗമോസോ ....

### സെദ്റാ

ദൈവമായ കർത്താവേ, നിന്നോടുള്ള ഞങ്ങളുടെ പ്രാർത്ഥനകളിൽ അവരെ ഞങ്ങളോർക്കുവാൻ സങ്കേതപ്പെട്ടിരിക്കുന്നവരോടുകൂടെ, വിഷമി ച്ചും നിന്റെ കരുണയെ പ്രതീക്ഷിച്ചുമിരിക്കുന്ന ഓരോ ആത്മാവിനേയും ഈ നാഴികയിൽ നീ ഓർത്തുകൊള്ളേണമെ. രക്ഷയുടെ അടുക്കലേയ്ക്കു സൂക്ഷിച്ചുനോക്കി ക്കൊണ്ടിരിക്കുന്ന ഓരോരുവനും അവനവന്റെ യാചനയെ നൽകേണമെ. വാങ്ങിപ്പോയവരായ ഞങ്ങളുടെ ശാരീരിക മാതാപിതാക്കളേയും ആത്മീയ പിതാക്കന്മാരേയും നിന്നിൽനിന്നുള്ള കരുണയ്ക്കും പാപമോചനത്തിനും നീ യോഗ്യരാക്കണമെ. ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റേയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.നീ ഞങ്ങളുടെ ബോധങ്ങളെ നിന്റെയടുക്കലേയ്ക്ക് ആകർഷിക്കേണമെ. നിന്നിൽ നിന്നുള്ള സന്തോഷം ഞങ്ങളെ ധരിപ്പിക്കേണമെ. നിന്നെയുള്ള ഭക്തികൊണ്ട് ഞങ്ങളുടെ ഹൃദയത്തെ നിറക്കണമെ. നിന്റെ വിശുദ്ധി കൊണ്ട് ഞങ്ങളുടെ വിചാരങ്ങളെ വെടിപ്പാക്കണമെ. വിശ്വാസികളായ ഞങ്ങളുടെ പരേതരെ, നിന്റെ വാസസ്ഥലത്തു നീ വസിപ്പിച്ച് ആശ്വസിപ്പിക്കണമെ. അവിടെ ഞങ്ങളും അവരും നിന്റെ വിശുദ്ധരോടുകൂടെ ഇപ്പോഴും എല്ലായ്പ്പോഴും, സദാ, സ്തുതിയും സ്തോത്രവും നിനക്കും നിന്റെ വാഴ്ത്തപ്പെട്ട പിതാവിന്നും, നിന്റെ വിശുദ്ധാത്മാ വിന്നും കരേററും. ... ഹോശോ ...

ശനി - പ്രഭാതം

## ആചാര്യന്മാരുടെ പ്രുമിയോൻ

മഹാപ്രധാനാചാര്യന്മാരുടെ ശ്രേഷ്ഠനും കക്രാകളെ വിഭജിച്ചുകൊടുക്കുന്നവനും (ഒരുവനെ) കുപ്പയിൽനിന്നു സിംഹാസനത്തിലേയ്ക്കുയർത്തി തന്റെ ശ്രീഭണ്ഡാരത്തിന്മേൽ അവനെ അധികാരിയായി നിയമിക്കുന്നവനുമായ കർത്താവിന്നു സ്തുതി.. തനിക്കു പ്രഭാത പ്രാർത്ഥനയുടെ ഈ സമയത്തും .... ബ്കുലഹുൻ യൗമോസോ ....

## സെദ്റാ

ദൈവമായ കർത്താവേ, നിന്നോടു ഞങ്ങളപേക്ഷിക്കുന്നു; ഞങ്ങളുടെ കർത്താവായ യേശുമിശിഹാ, നിന്റെ മനോഗുണത്തോടു ഞങ്ങൾ യാചിക്കുന്നു: കറയുള്ളവരും വെടിപ്പില്ലാത്തവരുമായ നിന്റെ ദാസരായ ഞങ്ങൾ തിരുമുമ്പാകെ വെടിപ്പിലും വിശുദ്ധിയിലും ശുശ്രൂഷിച്ച ശോഭയുള്ള ആചാര്യന്മാരായ ഞങ്ങളുടെ സഹോദരന്മാർക്കും, വെടിപ്പുള്ള ശെമ്മാശന്മാർക്കും വേണ്ടി നിന്നോടു യാചിക്കുന്നു.

ആകയാൽ, നീ അവരോടുകൂടെ ന്യായവിസ്താരത്തിലേയ്ക്ക് പ്രവേശിക്കരുതെ. എന്റെ കർത്താവേ, നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ കട്ടിളപടികളിന്മേൽ ചവിട്ടിയിട്ടുള്ള പാദങ്ങൾ അഗ്നിജ്വാലയുടെ കനലുകളിന്മേൽ ചവിട്ടുവാൻ നീ വിട്ടുകൊടുക്കരുതെ. എന്റെ നാഥാ, നിനക്കു ആത്മീകരാഗങ്ങളെ പാടിയ വാകളും നാവുകളും മിണ്ടടക്കപ്പെടുവാൻ തക്കവണ്ണം നീ മൗനമാക്കിക്കളയരുതെ. എന്റെ കർത്താവേ, നിന്റെ പരിശുദ്ധ പുസ്തകങ്ങളിൽ സൂക്ഷിച്ചു നോക്കിയിട്ടുള്ള കണ്ണുകൾ ചിതലിന്നും പുഴുവിന്നും കൂടായി തീരുവാൻ തക്കവണ്ണം നീ അന്ധകാരപ്പെടുത്തിക്കളയരുതെ. എന്റെ നാഥാ, ആരാധ്യങ്ങളും വിശുദ്ധങ്ങളുമായ നിന്റെ രഹസ്യങ്ങൾ എടുത്താഘോഷിച്ചിട്ടുള്ള കൈകൾ അഗ്നിജ്വാലയുടെ കനലുകളാൽ ചുളുങ്ങിപ്പോകുവാൻ തക്കവണ്ണം നീ തളർത്തിക്കളയരുതെ. എന്നാലോ, കർത്താവേ, അവർക്കുവേണ്ടിയുള്ള ഞങ്ങളുടെ ബലഹീന അപേക്ഷ നീ കേട്ട്, ഞങ്ങളും അവരും ചെയ്തുപോയിട്ടുള്ള സകല പാപങ്ങളും, ദോഷത്വങ്ങളും നീ മായിച്ചുകളയുകയും ക്ഷമിക്കയും ചെയ്യണമെ. എന്തുകൊണ്ടെന്നാൽ നീ ഉത്തമനും, ദാനങ്ങളിൽ നിനക്കും നിന്റെ പിതാവിനും വിശുദ്ധാത്മാവിനും ഇപ്പോഴും എല്ലായ്പോഴും, സദാ, സ്തുതിയും സ്തോത്രവും കരേററും. ... ഹോശോ ...



# അനുബന്ധം A

## ഏക പരിശുദ്ധന്റെ പ്രുമിയോൻ

സകലരുടേയും ദൈവവും വിശുദ്ധന്മാരിൽ ശ്രേഷ്ഠതപ്പെടുന്നവനും, ഉപദേഷ്ടാക്കന്മാരിൽ മഹത്വപ്പെടുന്നവനും, തിരഞ്ഞെടുക്കപ്പെട്ടവനുമായ മോർ (ഇന്നാരെ) തന്റെ മുമ്പാകെ പ്രശോഭിപ്പിക്കുവാൻ തനിക്കിഷ്ടമായവനുമായ കർത്താവിനു സ്തുതി. തനിക്കു .... പ്രാർത്ഥനയുടെ ഈ സമയത്തും .... ബ്കുലഹുൻ യൗമോസോ

Download more such Prayer Books from our Telegram Channel

**MOSC PRAYER BOOKS**

**Channel Link :- https://t.me/moscprayerbooks**